എയിഡഡ് സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്ന തുക

54 (2034) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു. എസ്. ശശി :
ശ്രീ. പി. എസ്. സുപാൽ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് എൽ.പി., യു.പി., ഹൈസ്കൂൾ ട്രെയിനിംഗ് സ്കൂളുകൾ എന്നിവക്ക് അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്ന തുക അവസാനമായി നിശ്ചയിച്ചതെന്നാണ് ;

(ബി) ഈ തുക പുതുക്കി നിശ്ചയിക്കണമെന്ന ആവശ്യത്തിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1979-ലാണ് ഈ തുക അവസാനമായി നിശ്ചയിച്ചത്.

(ബി) ഈ ആവശ്യം സർക്കാർ പരിശോധിച്ചു വരികയാണ്.

പ്രൈമറി സ്കൂൾ അദ്ധ്യാപകരുടെ പ്രൊമോഷൻ

55 (2035) ശ്രീ. റ്റി. നാണു മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999-2000 അദ്ധ്യയന വർഷത്തിൽ തിരുവനന്തപുരം ജില്ലയിലെ യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകർക്ക് ഹൈസ്കൂളിലേക്ക് പ്രൊമോഷൻ നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;, എങ്കിൽ ഏതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വെളിപ്പെടുത്തുമോ ;

(സി) എല്ലാ അദ്ധ്യയന വർഷവും സ്റ്റാഫ് ഫിക്സേഷനും പൊതുസ്ഥലം മാറ്റവും കഴിഞ്ഞ ഉടൻ പ്രൊമോഷൻ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ഡി.ഡി.മാർക്ക് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) എല്ലാ അദ്ധ്യയന വർഷവും സീനിയോറിറ്റി ലിസ്റ്റിൽ പുതുതായി ചേർക്കാനുള്ളവർ ഉണ്ടെങ്കിൽ അവരുടെ സർവ്വീസ് കാർഡ് വരുത്തി പരിശോധിച്ച് അവരെ കൂടി ഉൾപ്പെടുത്തി പുതിയ ലിസ്റ്റ് തയ്യാറാക്കുകയും പുതുതായി ഉൾപ്പെടുത്തിയവർക്കെതിരെ ആർക്കെങ്കിലും പരാതി ഉണ്ടെങ്കിൽ അതു ബോധിപ്പിക്കുവാൻ ഒരവസരം നൽകിയ ശേഷം ആ പരാതി കൂടി പരിഹരിച്ച് ഫൈനൽ സിനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

ആ സീനിയോറിറ്റിയിൽ നിന്നും ഓരോ വർഷവും ഹൈസ്കൂളിലേക്ക് പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കാറുള്ളൂ. ശമ്പള പരിഷ്ക്കരണത്തിന്റെ ഫലമായി അദ്ധ്യാപകർ സമർപ്പിച്ച അനവധി പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിന്റെ ഭാഗമായും മേൽ പ്രസ്താവിച്ച രീതിയിൽ ലിസ്റ്റ് പൂർത്തിയാക്കുന്നതിന് വേണ്ടി വന്ന കാലതാമസവും നിലവിലുള്ള ലിസ്റ്റിൽ ഇടക്കിടെ രണ്ടു തവണ ഉണ്ടായ നിയമന തടസ്സവും പ്രൊമോഷൻ ഉത്തരവ് വൈകുന്നതിന് കാരണമായി. എന്നിരുന്നാലും പൂർണ്ണമായ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും പ്രൊമോഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ട്.

അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ സംവരണമാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള നടപടി

56 (2036) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൈവറ്റ് സ്കൂൾ കോളേജ് എന്നിവിടങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളിൽ സംവരണ മാനദണ്ഡങ്ങൾ പാലിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ഉത്തരം

നിലവിലുള്ള രീതിയിൽ മാറ്റം വരുത്താൻ ഇപ്പോൾ ഉദ്ദേശ്യമില്ല.

എയ്ഡഡ് യു.പി. സ്കൂൾ അദ്ധ്യാപകനായ ശ്രീ. യു. കൃഷ്ണന്റെ നിയമന അംഗീകാരം

57 (2037) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ എയ്ഡഡ് യു.പി. സ്കൂൾ അദ്ധ്യാപകനായ ശ്രീ. കൃഷ്ണൻ എന്ന ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറുടെ നിയമനാംഗീകാരം ലഭിക്കുന്നതിനുവേണ്ടി ഒരു നിവേദനം ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ കെ2/12879/99 എന്ന ഫയലിൽ ഇതു സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ട് ഡി.പി.ഐ.ക്ക് കത്തെഴുതിയിരുന്നുവോ ;

(സി) റിപ്പോർട്ട് ആവശ്യപ്പെട്ടത് ഏതു തീയതിയിലാണ് ;

(ഡി) ഇതു സംബന്ധിച്ച് ഡി.പി.ഐ. ഓഫീസിലെ ഫയൽ ഏതാണെന്നും അതിന്മേൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്നും വിശദീകരിക്കാമോ ;

(ഇ) നടപടി കൈക്കൊണ്ടിട്ടില്ലെങ്കിൽ കാലതാമസം ഉണ്ടാകാനുള്ള കാരണം വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കത്തെഴുതിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly